# അതെ, തെങ്ങ് താങ്ങാണ്



സുരേഷും മഞ്ജുവും മകൻ പ്രദീപിനൊപ്പം.

ഭർത്താവിനൊപ്പം ഭാര്യയും ജോലിക്കു പോകുന്നത് നാട്ടിലെ പതിവ്. എന്നാൽ ഭർത്താവിനൊപ്പം ഭാര്യ തെങ്ങിൽ കയറിയാലോ ? അത് ജീവിതമാർഗം തേടിയുള്ള വേറിട്ട വഴി. ഉഴവൂർ കല്ലട കോളനിയിലെ പുത്തൻപറമ്പിൽ വീട്ടിൽ സുരേഷിന്റെയും (38) ഭാര്യ മഞ്ജുവിന്റെയും (29) ജീവിതയാത്രയുടെ കഥയാണിത്. തെങ്ങ് കയറ്റമാണ് രണ്ട് പേരുടെയും ജീവിതമാർഗം. സുരേഷിനെയോ മഞ്ജുവിനെയോ മൊബൈൽ ഫോണിൽ വിളിച്ചാൽ ഇരുചക്രവാഹനത്തിൽ ഇരുവരും കൂടി എത്തും. യന്ത്രം ഉപയോഗിച്ച് ദിവസം 50 തെങ്ങിലെങ്കിലും കയറും.

തെള്ളകത്തെ ചൈതന്യ പാസ്റ്ററൽ സെന്ററിൽ കോട്ടയം സോഷ്യൽ സർവീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ സ്ത്രീകൾക്കും തെങ്ങ് കയറ്റത്തിൽ പരിശീലനം നൽകിയതോടെയാണു പുരുഷന്മാരുടെ കുത്തക തകർന്നത്. ഇളനീർ കുടിക്കുന്ന ലാഘവത്തോടെ ഉയരമുള്ള തെങ്ങിൽ മഞ്ജു കയറുമ്പോൾ തൊട്ടടുത്ത തെങ്ങിൽ സുരേഷും ഉണ്ടാവും.

മേലുകാവ് സ്വദേശിനിയാണ് മഞ്ജു. അച്ഛനും സഹോദരൻമാരുമൊക്കെ തെങ്ങുകയറ്റ തൊഴിലാളികൾ. പത്താം ക്ലാസ് ജയിച്ചപ്പോൾ ബാംഗ്ലൂരിൽ ചെറിയൊരു ജോലി കിട്ടി. അവിടെ വച്ചാണ് കർണാടക സ്വദേശിയായ സുരേഷിനെ പരിചയപ്പെടുന്നത്. ഇരുവരും വിവാഹിതരായി. പെയിന്റിങ് തൊഴിലാളിയായിരുന്നു സുരേഷ്. മൂന്ന് വർഷം മുൻപ് ഇരുവരും കേരളത്തിലെത്തി. കൂലിപ്പണിയായിരുന്നു വരുമാന മാർഗം. ഇതിനിടെയായിരുന്നു കോട്ടയം സോഷ്യൽ സർവീസ് സൊസൈറ്റിയുടെ പരിശീലനം. യന്ത്രം ഉപയോഗിച്ച് തെങ്ങിൽ കയറുന്ന വിദ്യ പഠിച്ചു മഞ്ജു തെങ്ങിൽ കയറിത്തുടങ്ങിയതോടെ സുരേഷും ഈ രംഗത്തേക്ക് എത്തി. തിരക്ക് കൂടിയപ്പോൾ ഒരു സ്കൂട്ടർ വാങ്ങി. തെങ്ങൊന്നിന് 35 രൂപയാണ് കയറ്റു കൂലി. അംഗൻവാടിയിൽ പഠിക്കുന്ന മകൻ പ്രദീപിനെയും ചില ദിവസം കൂടെ കൂട്ടും.

**ഉണ്ണി നമ്പൂതിരി**